Website: www.kwa.kerala.gov.in
Mobile/ Whatsapp: +919495998258

Tel. 0471-2738300
Consumer Helpline Number
1916 [24X7] [Toll Free]
1916cckwa@gmail.com

# കേരള വാട്ടർ അതോറിറ്റി

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. KWA-JB/4886/2026-R1(RMC) തീയതി: 31-07-2026

## സർക്കുലർ

വിഷയം: കെ.ഡബ്ല്യൂ.എ. – ആർ.എം.സി. – ടാങ്കർ ലോറി മുഖേനയുള്ള ജലവിതരണം – അഡ്മിനിസ്ട്രേറ്റീവ് ചാർജ്, ഗതാഗത നിരക്ക് എന്നിവ ഈടാക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്തുന്നത് – സംബന്ധിച്ച്.

സൂചന :
1. തളിപ്പറമ്പ, വാട്ടർ സപ്ലൈ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 01-04-2026 ലെ KWA-WSDN/TPBA/87/2026-E2 നമ്പർ കത്ത്.
2. ജി.ഒ (എം.എസ്) നമ്പർ: 11/2023/WRD, തീയതി: 03.02.2023.

സൂചന (1) കത്ത് പ്രകാരം, തളിപ്പറമ്പ് വാട്ടർ സപ്ലൈ ഡിവിഷനു കീഴിലുള്ള ചില സബ് ഡിവിഷനുകളിൽ ടാങ്കർ ലോറികൾ മുഖേന നടത്തുന്ന ജലവിതരണത്തിന് വാട്ടർ ചാർജ് മാത്രമാണ് ഈടാക്കിയിട്ടുള്ളതെന്നും; തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വകാര്യ വ്യക്തികളും സ്വന്തമായി ഏർപ്പാടാക്കുന്ന ടാങ്കറുകളിൽ നിന്ന് മറ്റ് ചാർജുകൾ ഈടാക്കുന്നത് സംബന്ധിച്ച് നിവലിൽ വ്യക്തതയില്ലാത്തതിനാൽ ഗതാഗത നിരക്കും അഡ്മിനിസ്ട്രേറ്റീവ് ചാർജും ഡിമാൻഡിൽ ഉൾപ്പെടുത്തിയിരുന്നില്ല എന്നും അറിയിച്ചിട്ടുണ്ട്. ഇത് ഗുരുതരമായ ഓഡിറ്റ് തടസ്സങ്ങൾക്ക് ഇടയാക്കിയതായും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

ടാങ്കർ ലോറികൾ മുഖേനയുള്ള ജലവിതരണത്തിന് ഈടാക്കേണ്ട നിരക്കുകൾ സൂചന (3)-ലെ സർക്കാർ ഉത്തരവ് പ്രകാരം താഴെ പറയുംവിധം കൃത്യമായി നിശ്ചയിച്ചിട്ടുള്ളതാണ്:

- **ജല നിരക്ക് (Water Charges)**: ₹76.15 / KL
- **ഗതാഗത നിരക്ക് (Conveyance Charge)**: ₹42.00 / Km
- **അഡ്മിനിസ്ട്രേറ്റീവ് ചാർജ് (Administrative Charge)**:
    - 6000 ലിറ്റർ വരെ: ₹330.75
    - 6000 ലിറ്ററിന് മുകളിൽ: ₹551.25

നിലവിലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ടാങ്കർ ജലവിതരണവുമായി ബന്ധപ്പെട്ട ചാർജുകൾ ഈടാക്കുന്നതിൽ പൂർണ്ണമായ വ്യക്തത വരുത്തിക്കൊണ്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. **ഗതാഗത നിരക്ക്** : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ സ്വകാര്യ വ്യക്തികളോ സ്വന്തം ചെലവിൽ ടാങ്കർ ലോറികൾ ഏർപ്പാടാക്കി വാട്ടർ അതോറിറ്റിയുടെ ഫില്ലിംഗ് പോയിന്റിൽ വന്ന് വെള്ളം ശേഖരിച്ച് കൊണ്ടുപോകുന്ന സാഹചര്യങ്ങളിൽ അതോറിറ്റിക്ക് ഗതാഗതച്ചെലവ് ഉണ്ടാകുന്നില്ല. അതിനാൽ ഇത്തരം സന്ദർഭങ്ങളിൽ ഗതാഗത നിരക്ക് (₹42/Km) ഈടാക്കേണ്ടതില്ല.
2. **അഡ്മിനിസ്ട്രേറ്റീവ് ചാർജ്** : ടാങ്കർ ലോറികൾ ആരുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലും, വാട്ടർ അതോറിറ്റിയുടെ ഫില്ലിംഗ് പോയിന്റുകളിൽ വെച്ച് അതോറിറ്റി ജീവനക്കാരുടെ മേൽനോട്ടത്തിലാണ് വെള്ളം അളന്നു നിറച്ചു നൽകുന്നത്. പ്രസ്തുത പ്രക്രിയയ്ക്ക് ഉണ്ടാകുന്ന ഭരണപരവും പ്രവർത്തനപരവുമായ

ചെലവുകൾ മുൻനിർത്തി, സർക്കാർ ഉത്തരവിൽ അനുശാസിക്കുന്ന **അഡ്മിനിസ്ട്രേറ്റീവ് ചാർജ് പൂർണ്ണമായും ഈടാക്കേണ്ടതാണ്.**

മേൽ വിവരിച്ച നിർദ്ദേശങ്ങൾ നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായി എല്ലാ ഫീൽഡ് ഓഫീസർമാരും കർശനമായി പാലിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം കാര്യങ്ങളിൽ വീഴ്ചയോ ഓഡിറ്റ് തടസ്സങ്ങളോ ഉണ്ടാകാതിരിക്കാൻ എല്ലാ ഉദ്യോഗസ്ഥരും പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

PREM KRISHNAN S. IAS

MD KWA

Digitally signed by PREM KRISHNAN S
Date: 31-07-2026 13:06:28

**സ്വീകർത്താവ് :**

- എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും.

**പകർപ്പ് :**

- എല്ലാ ചീഫ് എഞ്ചിനീയർമാർക്കും.
- എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർ എഞ്ചിനീയർമാർക്കും.
- എല്ലാ റവന്യൂ ഓഫീസർമാർക്കും
- എല്ലാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും.
- എല്ലാ അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും.
- **ഡാറ്റാബേസ് അഡ്മിനിസ്ട്രേറ്റർക്ക്** (ഇ-അബാക്കസ് സോഫ്റ്റ്‌വെയറിൽ ടാങ്കർ ലോറി വഴി ജലവിതരണം ചെയ്യുന്നതിനുള്ള ടോക്കൺ ജനറേറ്റ് ചെയ്യുമ്പോൾ അഡ്മിനിസ്ട്രേറ്റീവ് ചാർജ്, ഗതാഗത നിരക്ക് എന്നിവ നിബന്ധനകൾക്കനുസൃതമായി കൃത്യമായി ഉൾപ്പെടുത്തുന്നതിനായി ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന്).